**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2177**
**26/03/2013 ലെ മറുപടിക്ക്**
**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**ശ്രീ.പി.ശ്രീരാമകൃഷ്ണൻ**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.പുരുഷൻ കടലുണ്ടി**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഈയിനത്തിൽ തന്നാണ്ടിലെ ബജറ്റിൽ എന്തു തുക ചെലവഴിക്കാൻ തീരുമാനിച്ചിരുന്നു? ഇതിനകം ചെലവഴിച്ച തുക എത്ര? | ഒരു വർഷം 5 കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന വിധമാണ് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. തന്നാണ്ടിൽ ഈ ഇനത്തിൽ 705 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതിനകം വിവിധ പ്രവൃത്തികൾക്കായി 452 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾക്കുള്ള എം.എൽ.എ.മാരുടെ നിർദ്ദേശങ്ങളിന്മേൽ ഭരണാനുമതി നൽകുന്നതിൽ കാലവിളംബം നേരിടുന്നത് സംബന്ധമായി ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്തിട്ടുണ്ടോ? | ആസ്തി വികസനഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന-തിനുള്ള കാലവിളംബം ഒഴിവാക്കുന്ന-തിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, ചീഫ് എഞ്ചിനീയർമാർ, മറ്റുദ്ധ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി അവലോകന യോഗം കൂടുകയും ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന-തിനായി എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി നടത്തപ്പെടുന്നതിനായി ധനകാര്യവകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിശകലനം ചെയ്യുകയുമുണ്ടായി. |

| | | |
|---|---|---|
| (സി) | എം.എൽ.എ.മാർ നിർദ്ദേശിച്ച എത്ര പ്രവൃത്തികളുടെ ഭരണാനുമതി ഇനിയും നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ? | ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി എം.എൽ.എ മാർ നിർദ്ദേശിച്ചതും ധനവകുപ്പ് ഇതിനകം ഭരണാനുമതി നൽകുന്നതിനായി അനുമതി നൽകിയതുമായ 548 പ്രവൃത്തികളിൽ 400 ഓളം പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 150 ഓളം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ഡി) | സാമ്പത്തിക വർഷം അവസാനിക്കാറായ സമയത്ത് എല്ലാ നിർദ്ദേശങ്ങളിന്മേലും ഭരണാനുമതി നൽകുന്നതിലും, നൽകിയവയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലും ബന്ധപ്പെട്ട ഭരണവകുപ്പുകളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളത് പ്രത്യേകം പരിഗണിക്കുമോ? എങ്കിൽ സമയബന്ധിതമായി പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | എം.എൽ.എ.മാർ 2012-13 വർഷത്തിൽ നിർദ്ദേശിച്ചതും 2013 മാർച്ച് 31 ന് മുമ്പ് ഭരണാനുമതി ലഭിക്കാതെയും വരുന്ന പ്രവൃത്തികൾ സാമ്പത്തിക വർഷത്തിന്റെ കാലപരിധി പരിഗണിക്കാതെ തന്നെ 2013-14 ൽ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ